# 10
# ഉപ്പും വെളിച്ചവും
## (5:13-16)

പിന്നെ തന്റെ ശിഷ്യന്മാരോട് "ഉപ്പും" "വെളിച്ചവും" ആകുവാനുള്ള ചുമതല കൊടുക്കുകയാണ്. അവർ അങ്ങനെ ജീവിച്ച് തങ്ങൾക്കു ചുറ്റുമുള്ള ലോകത്തിൽ ഫലമുള്ളവരായി തീരുവാൻ അവൻ ആഗ്രഹിച്ചു. രാജാവിനെ അനുകരിച്ച് രാജ്യത്തിന്റെ സുവാർത്ത പ്രതിഫലിപ്പിക്കുവാനുള്ള വെല്ലുവിളി യാണ് അവൻ അവർക്ക് നൽകിയത്.

### ഭൂമിയുടെ ഉപ്പ് (5:13)

**[13]"നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; ഉപ്പ് കാരമില്ലാതെ പോയാൽ അതിന്നു എന്തോന്നുകൊണ്ട് രസം വരുത്താം? പുറത്തു കളഞ്ഞിട്ടു മനുഷ്യർ ചവിട്ടു വാൻ അല്ലാതെ മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല."**

**വാക്യം 13.** യേശു പറഞ്ഞു, "**നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു.**" "ആഹാര ത്തിനു രുചി വരുത്തുന്നതിനു" മാത്രമായിരുന്നില്ല പുരാതന ലോകം ഉപ്പിനെ ഉപയോഗിച്ചിരുന്നത് (ഇയ്യോ. 6:6; കൊലൊ. 4:6). യേശുവിന്റെ കാലത്തെ സദ സ്യർക്ക് കേടുവരാതെ സാധനങ്ങൾ സൂക്ഷിക്കുവാൻ അന്ന് ഫ്രിഡ്ജോ മറ്റോ ഇല്ലാതിരുന്നതിനാൽ, ഭക്ഷണപദാർത്ഥങ്ങൾ കേടുവരാതിരിക്കുവാൻ അവർ ഉപ്പാണ് ഉപയോഗിച്ചിരുന്നത്. ഉദാഹരണമായി, ഗലീലാക്കടലിൽനിന്നു മീൻപി ടിച്ച് അതിൽ ഉപ്പിട്ടാണ് മറ്റു സ്ഥലങ്ങളിലേക്ക് വിൽപനക്ക് കൊണ്ടുപോ യിരുന്നത്. ഔഷധമായിട്ടും ഉപ്പ് ഉപയോഗിച്ചിരുന്നു. മരുന്നുകളിൽ ശുദ്ധീകര ണത്തിനായി ഉപ്പ് ഉപയോഗിച്ചിരുന്നതായി പ്ലിനി ദ എൽഡർ പറഞ്ഞിരിക്കുന്നു. പാമ്പുകടിക്കും കടന്നൽ കുത്തിനും ഉള്ള ചികിൽസയിൽ ഉപ്പും ചേർത്തി രുന്നു. കണ്ണിലെ മുറിവുകൾ ലേപനം പുരട്ടി വെച്ചുകെട്ടുമ്പോൾ, ഉപ്പും ഉപ യോഗിച്ചിരുന്നു. പല്ല് കേടുവരാതിരിക്കുവാനും വയറിലെ വിര കളയുവാനു ം ഉപ്പ് ഉപയോഗിച്ചിരുന്നു.[1]

ഉപ്പിനു ദൈവിക ഗുണമുണ്ടെന്ന് ഗ്രീക്കുകാർ വിശ്വസിച്ചിരുന്നു, റോമാ ക്കാർ തങ്ങളുടെ സൈനികർക്ക് പലപ്പോഴും ഉപ്പ് നൽകിയിരുന്നു. വാസ്തവ ത്തിൽ, അതിനാലാകാം "അവന് അവന്റെ ഉപ്പിന്റെ വിലയാണുള്ളത്" എന്ന പ്രയോഗം വന്നത്. "മനുഷ്യ ജീവിതത്തിലെ അടിസ്ഥാന ആവശ്യങ്ങളിലൊ ന്നാണ്"[2] ഉപ്പ്. ഉപ്പിന്റെ പ്രയോജനം പറഞ്ഞശേഷം പ്ലിനി എഴുതി, "മനുഷ്യ ശരീരത്തിന് ഉപ്പും സൂര്യനും മറ്റെന്തിനേക്കാളും ആവശ്യമാണ് എന്ന പ്ര സ്താവന ഇവിടെ പ്രായോഗികമാകുന്നു."[3] അമിതമായ ഉപ്പിന്റെ ഉപയോഗം ശരീരത്തിനു ദോഷമാണെങ്കിലും, ശരീരത്തിലെ ദ്രാവകങ്ങൾ ക്രമപ്പെടുത്തി എങ്ങനെ ലോകത്തിൽ നന്നായി സ്വാധീനിക്കപ്പെടാമെന്ന് വ്യക്തമാക്കി കൊടു ത്തു. ലിയോൺ മോറിസ് എഴുതി,

> യേശു സ്പഷ്ടമായും, ഭക്ഷണം കേടുവരാതെ സൂക്ഷിക്കുവാനുള്ള കഴിവും രുചിവരുത്തുവാനുള്ള കഴിവും ആണ് വ്യക്തമാക്കുന്നത്. സമൂഹത്തിൽ നല്ലത് തന്റെ ശിഷ്യന്മാർ മുഴുവനായും ഉപയോഗിക്കണം. മോശമായത് അവർ ഉപേക്ഷിക്കയും വേണം; അവർ സമൂഹത്തിന് ധാർമ്മികമായ മുറിവേൽക്കാതെ നന്മ പ്രദാനം ചെയ്യണം. ഉപ്പ് എങ്ങനെ കറിക്ക് രുചി വരുത്തുന്നുവോ അങ്ങനെയായിരിക്കണം അവരുടെ ജീവിതം സമൂഹത്തിന്.[4]

പുരാതന കൃഷിക്കും ഉപ്പ് ഉപയോഗിച്ചിരുന്നു (ലൂക്കൊ. 14:34, 35). അമിതമായി ഉപ്പ് വിതറിയാൽ കൃഷി നശിച്ചുപോകും (ആവർ. 29:23; ന്യായാ. 9:45), എന്നാൽ അൽപം വിതറുന്നത് ചെടിയുടെ വളർച്ചക്ക് സഹായകരമാകുകയും നല്ല വിളവ് നൽകുകയും ചെയ്യും. അതുപോലെ. യേശുവിന്റെ ശിഷ്യന്മാരുടെ നിർമ്മലമായ രാജ്യത്തിന്റെ സുവിശേഷസ്വാധീനത്താൽ (വിത്ത്) നല്ല ഫലം പുറപ്പെടുവിക്കും.

യേശു പിന്നെ പറഞ്ഞു, **"ഉപ്പ് കാരമില്ലാതെ പോയാൽ അതിന്നു എന്തോന്നുകൊണ്ട് കാരം വരുത്താം?"** രാസപരമായി അതിന്റെ കാരം നഷ്ടമാകാത്തതിനാൽ, ഉപ്പ് സോഡിയം ക്ലോറൈഡ് ആണ്, എങ്ങനെയായാലും, യേശുവിന്റെ കാലത്ത് ഉൽപാദിപ്പിച്ചിരുന്ന ഉപ്പ് അധികവും കടൽവെള്ളത്തെ ബാഷ്പീകരിച്ചായിരുന്നു എടുത്തിരുന്നത്. ആ ഉപ്പിൽ ധാരാളം രാസപദാർത്ഥങ്ങളും ലവണങ്ങളും അടങ്ങിയിരുന്നു. ഉപ്പ് ഉൽപാദകർ ഉപ്പുണ്ടാക്കി കുന്നുപോലെ കൂട്ടിയിടും. ചിലപ്പോൾ ശക്തിയായ മഴ പെയ്യുമ്പോൾ അതിന്റെ കാരമെല്ലാം ഒലിച്ചുപോകും, പിന്നെ അത് **പുറത്തു കളഞ്ഞിട്ടു മനുഷ്യർ ചവിട്ടിക്കളയുവാനേ ഉപകരിക്കയുള്ളു.** അതുപോലെ, ക്രിസ്ത്യാനികൾ തങ്ങളുടെ രക്ഷിക്കുന്ന സ്വാധീനശക്തി ഇല്ലാതാകുമ്പോൾ, അവർ ക്രിസ്തുവിനു പ്രയോജനമില്ലാത്തവരായി തീരുന്നു.

## വചന വെളിച്ചം (5:14-16)

**14"നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു. മലമേലിരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല; 15വിളക്ക് കത്തിച്ചു പറയിൻ കീഴല്ല, തണ്ടിന്മേലത്രെ വെക്കുന്നത്. അപ്പോൾ അത് വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു. 16അങ്ങനെതന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."**

**വാക്യം 14.** യേശു തുടർന്നു, "**നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു.**"തിരുവെഴുത്തിൽ "വെളിച്ചം" എപ്പോഴും നീതി, വിശുദ്ധി, സത്യം എന്നിവയുടെ അടയാളമാണ്. അതിനെതിരായുള്ള "ഇരുട്ട്" അജ്ഞതയുടേയും തിന്മയുടേയും അടയാളമാണ് (സങ്കീ. 119:105; യോഹ. 1:4–9; 3:19–21; 2 പത്രൊ. 1:19; 1 യോഹ. 1:5–7). പഴയനിയമകാലത്ത്, ജാതികളുടെ പ്രകാശമായി തീരുവാൻ ദൈവം യിസ്രായേൽ ജനത്തോട് സംസാരിച്ചിരുന്നു (യെശ. 42:6; 49:6), പക്ഷെ ആ കാര്യത്തിൽ അവർ പലപ്പോഴും പരാജയപ്പെട്ടുപോയി. യേശു തിരഞ്ഞെടുത്ത ദാസ്യപ്രവൃത്തിയാണ് തന്റെ ശിഷ്യന്മാർ പിൻപറ്റുവാൻ നമ്മുടെ

കർത്താവ് ആഗ്രഹിക്കുന്നത്.[5] അവൻ "ലോകത്തിന്റെ വെളിച്ചം" ആയിരുന്നു (യോഹ. 8:12; 9:5). തന്റെ ശിഷ്യന്മാരും "ലോകത്തിന്റെ വെളിച്ചം ആയിരിക്കും" എന്നും കർത്താവ് പറഞ്ഞു (ഫിലി. 2:15). മറ്റൊരു വാക്കിൽ പറഞ്ഞാൽ, അവന്റെ ശിഷ്യന്മാർ അവനിൽനിന്നു സ്വീകരിച്ച വെളിച്ചം മറ്റുള്ളവർക്ക് പ്രകാശത്തിനായി പകർന്നുകൊടുക്കണം (എഫെ. 5:6–14). ആത്മിയ അന്ധകാരം മൂടിക്കൊണ്ടിരിക്കുന്ന ലോകത്തിലുള്ളവർക്ക് അവരെ നയിക്കേണ്ടതിന്ന് സത്യ വെളിച്ചം അവർക്ക് ആവശ്യമാണ്.

യേശു വെളിച്ചത്തിന്റെ രൂപകാലങ്കാരം ചിത്രീകരിച്ചു പറഞ്ഞു, "**മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല**." കഴിയുമെങ്കിൽ, അനേക കാരണങ്ങളാൽ പട്ടണങ്ങൾ പണിയുന്നത് കുന്നിന്മേലായിരിക്കും. അത്തരം സാഹചര്യം അതിനു പ്രായോഗികത നൽകുന്നു. കാർഷികവൃത്തിക്കും കന്നുകാലിവളർത്തുന്നതിനുമാണ് സമതലപ്രദേശം നീക്കി വെച്ചിരുന്നത്. ആ സ്ഥലം കാലാവസ്ഥയുമായി ബന്ധപ്പെട്ടിരുന്നു. ഉയർന്ന സ്ഥലങ്ങളിൽ വസിക്കുന്നവർക്ക് ചുടുസമയത്ത് തണുപ്പ് അനുഭവപ്പെടും. കാരണം അത്യുഷ്ണ വേനൽക്കാലത്ത് കടലിൽനിന്നും അടിക്കുന്ന കാറ്റ് തരിശായ സ്ഥലങ്ങളിൽ കൂടെ ഉയർന്ന പ്രദേശങ്ങളിൽ ലഭിക്കും. കുന്നുകളിലുള്ളവർക്ക് സൈനികമായ നേട്ടവുമുണ്ട്. ശത്രുക്കളുടെ ആക്രമണങ്ങൾ കാണുവാനുള്ള ഒരു വീക്ഷാഗോപുരം പോലെ ആയിരിക്കും ആ സ്ഥലം. യാത്ര ചെയ്തു ക്ഷീണിച്ചു വരുന്ന യാത്രക്കാർക്ക് അതു ഒരു ദീപസ്തംഭമായിരിക്കും, കാരണം അവർക്ക് മൈലുകളോളം ആ പ്രകാശം കാണാം.

യേശു ആ പ്രസ്താവന നടത്തിയപ്പോൾ, ഒരു പുരുഷാരം "കുന്നിന്മേലോ" അല്ലെങ്കിൽ, "മലമേലോ" ഉണ്ടായിരുന്നു (5:1). ആ ശിഷ്യന്മാരുടെ വലിയോരു കൂട്ടം "മലമേലുള്ള ഒരു പട്ടണം" പോലെ ആയിരുന്നു. ഇന്നും ഗലീലാ കടൽ സന്ദർശിക്കുന്ന ഏതൊരാൾക്കും സമീപങ്ങളിലുള്ള കുന്നുകളിലെ ടൗണുകളിൽനിന്നുള്ള പ്രകാശം രാത്രിയിൽ കടൽത്തീരത്തേക്ക് എത്തുന്നതായി കാണുവാൻ കഴിയും.

**വാക്യം 15.** യേശുവിന്റെ വലിയ പട്ടണത്തിലെ വെളിച്ചമെന്ന ചിത്രീകരണം ഇപ്പോൾ ഒരു വീട്ടിലെ വെളിച്ചമായി തുടർന്നു പറയുന്നു. "**വിളക്കു** കൊളുത്തീട്ട് ആരും അതിനെ **പാത്രം** കൊണ്ടു മൂടുകയോ കട്ടിൽക്കീഴെ വെക്കുകയോ ഇല്ല" (ലൂക്കൊ. 8:16; 11:33; മർക്കൊ. 4:21). ഒന്നാം – നൂറ്റാണ്ടിലെ ആളുകൾ അവരുടെ വീടുകളിൽ രാത്രി വെളിച്ചത്തിനു മണ്ണെണ്ണ വിളക്കുകളായിരുന്നു ഉപയോഗിച്ചിരുന്നത്. പറയിൻ കീഴിൽ വിളക്ക് വെച്ചാൽ അതിന്റെ ഉദ്ദേശം നടക്കുകയില്ല. അതു കെട്ടുപോകുവാനും സാധ്യതയുണ്ട്–അതു നാശത്തിന്റെ അടയാളമാണ് (ഇയ്യോ. 18:5, 6; 21:17; സദൃശ. 13:9; 20:20; 24:20; 31:10, 18). പകരം, വിളക്ക് കത്തിച്ച് **തണ്ടിന്മേലത്രെ** വെക്കുന്നത്. ചുമരിൽ പ്രധാന സ്ഥലത്ത് അതിനായി ഒരു കല്ലുകൊണ്ടോ അല്ലെങ്കിൽ തടികൊണ്ടോ അതിനു സജ്ജമാക്കിയിരിക്കും. അതിന്റെ ഫലമായി, [വിളക്കിന്റെ ] **വെളിച്ചം വീട്ടിലുള്ള എല്ലാവർക്കും** കാണാം. ആ വിളക്ക് ചെറിയ പ്രകാശം പരത്തുന്നതായിരിക്കാം. പക്ഷെ അത് തണ്ടിന്മേൽ വെക്കുമ്പോൾ കൂടുതൽ സ്ഥലത്തേക്ക് പ്രകാശം വ്യാപരിക്കും. "യെഹൂദ വീടുകൾ അക്കാലത്ത് ഒറ്റമുറി വീടുകളായിരുന്നതിനാൽ, അതിന്റെ പ്രകാശം വീട്ടിലുള്ള എല്ലാവർക്കും ലഭിക്കുമായിരുന്നു."[6]

**വാക്യം 16.** തത്വം പറഞ്ഞ ശേഷം (5:14) തത്വത്തിന്റെ രണ്ടു ചിത്രീകരണ

ങ്ങളും നൽകി (5:14, 15), പിന്നെ അതിന്റെ സത്യം ശിഷ്യന്മാർക്ക് പ്രായോഗികമാക്കി. അവൻ പറഞ്ഞു, **"മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."** ക്രിസ്തുവിന്റെ അനുയായികൾ ആളുകളെ തങ്ങളിലേക്കല്ല ആകർഷിക്കേണ്ടത്; പകരം, അവർ തങ്ങൾക്ക് ചുറ്റുമുള്ള ലോകത്തിനു ക്രിസ്തുവിനെയാണ് കാണിച്ചുകൊടുക്കേണ്ടത്. "നല്ല" എന്നതിനുപയോഗിച്ച ഗ്രീക്കു വാക്കിന്റെ അർത്ഥം, "മനോഹരമായ," "ഉപയോഗമുള്ള," "പുകഴ്ച്ചക്കു യോഗ്യമായ" എന്നിവയാണ്. "മഹത്വപ്പെടുത്തുക" എന്നതിന് "സ്തുതിക്കുക," "ഉയർത്തുക," "പുകഴ്ത്തുക" എന്നിവയാണ് അർത്ഥം. അതിൽനിന്നും ഉരുത്തിരിഞ്ഞു വന്നതാണ് ഇംഗ്ലീഷിലെ "ഡോക്സോളജി." ക്രിസ്ത്യാനികളുടെ നല്ല പ്രവൃത്തികൾ ആളുകളെ ദൈവത്തിലേക്കും ക്രിസ്തുവിലേക്കും അടുപ്പിക്കുന്നതും, അങ്ങനെ അവർ കർത്താവിനു പുകഴ്ച്ച നൽകുകയും ചെയ്യും (എഫെ. 2:10; 1 പത്രൊ. 2:12). ജെ. ഡബ്ലിയു മെക്ഗാർവേ പറഞ്ഞു, "ലോകത്തിൽ ഇരുട്ട് മാറുമ്പോൾ, ആളുകൾക്ക് കാണുവാനും, യാത്ര ചെയ്യുവാനും, പ്രവൃത്തിക്കുവാനും കഴിയുന്നതുപോലെ, ശിഷ്യന്മാർക്ക് അവരുടെ നല്ല പ്രവൃത്തികളാലും, ഉപദേശത്താലും, മാതൃകയാലും, ആളുകളുടെ അജ്ഞതയും ദുരഭിമാനവും നീങ്ങി അവർക്ക് നിത്യജീവന്റെ വഴി കാണുവാൻ കഴിയും."[7]

## പാഠങ്ങൾ

**ഉപ്പ് (5:13)**

"ഭൗമികമായി ഒന്നിനും പറ്റാത്ത മറ്റൊരു-ലോകത്തിനുള്ളവർ" എന്ന ഒരു കുറ്റം പലപ്പോഴും ക്രിസ്ത്യാനികൾക്കെതിരായി ഉയർന്നിട്ടുണ്ട്. നമ്മുടെ കാലുകൾക്ക് കീഴിലുള്ള മണ്ണ് കാണാത്തവിധത്തിൽ നമ്മുടെ തലകൾ അത്രമാത്രം ഉയർന്നിരിക്കുവാൻ സാധ്യതയുണ്ടോ? നാം ലോകത്തിലാണോ ജീവിക്കുന്നത്, അതോ സ്വർഗരാജ്യത്തിലെ പൗരന്മാരായിട്ടാണോ? ഇത് ഒന്നുകിൽ/അല്ലെങ്കിൽ എന്ന സാഹചര്യമല്ല.

താൻ ക്രൂശിൽ തറെക്കപ്പെടുന്നതിനുമുൻപുള്ള പ്രാർത്ഥനയിൽ, യേശു ശിഷ്യന്മാരെ കുറിച്ചു പറഞ്ഞു, "അവർ ലോകത്തിലാണ്," പക്ഷെ "ലോകത്തിനുള്ളവരല്ല" (യോഹ. 17:11, 16). ക്രിസ്ത്യാനി ലോകത്തിൽ ക്രിസ്തുവിനെ സേവിക്കുന്നതാണ് നല്ലത്. ലോകം ക്രിസ്ത്യാനിയിലേക്ക് വരുന്നതു നല്ലതല്ല (യാക്കൊ. 4:4; 1 യോഹ. 2:15–17). തന്റെ അനുയായികളെ ലോകത്തിൽ നിന്നെടുക്കുവാനല്ല, മറിച്ച് ലോകത്തിൽ അവരെ ദൈവസേവനത്തിനായി സംരക്ഷിക്കുവാനായിരുന്നു യേശു പ്രാർത്ഥിച്ചത് (യോഹ. 17:15, 18). ആ ഉദ്ദേശം, ഈ ഉപദേശത്തിലേതുപോലെ, ലോകത്തിനു ദൈവഭക്തി പ്രദാനം ചെയ്യുന്നതായിരിക്കും.

ക്രിസ്ത്യാനികളായി, നാം ഉപ്പ് കലക്കിയൊഴിച്ച് രുചി വരുത്തുന്നതുപോലെ, ലോകത്തിൽ നമുക്ക് ചുറ്റുമുള്ളവർക്ക് സ്വാദ് പകരണം. നാം ആത്മിയ ഊർജമില്ലാത്ത വിധത്തിൽ മന്ദീഭവിച്ച്, നിർജീവമായിപോകരുത്. നാം വളയാതെ നിവർന്നു നിൽക്കണം. നാം വ്യത്യസ്തരായിരിക്കുക മാത്രമല്ല, വ്യത്യാസം വരുത്തുന്നവരുമാകണം. നാം ഉപ്പും പഞ്ചസാരയുമാകുവാനാണ് യേശു നമ്മെ വിളിച്ചത്. ഉപ്പ് അധികമായാൽ പുളിക്കും, പക്ഷെ അതിനു കേടുവരുത്താതെ

സൂക്ഷിക്കുവാൻ കഴിയും. നമ്മുടെ "കാരം" നാം നഷ്ടമാക്കിയാൽ നമുക്ക് ക്രിസ്തുവിന്റെ നാമത്തിനു നല്ലതു പ്രവർത്തിക്കുവാൻ കഴിയാതാകും.

**വെളിച്ചം (5:14-16)**

ദൈവം "ആകാശവും ഭൂമിയും സൃഷ്ടിച്ചപ്പോൾ" അതു "പാഴായും ശൂന്യമായും ഇരുന്നു." സകല ജീവികൾക്കും ആവശ്യമായ വെളിച്ചം അവൻ സൃഷ്ടിച്ചു (ഉൽപ. 1:1-3). വെളിച്ചം രക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രത്യാശയുടേയും വഴികാട്ടിയുടേയും അടയാളമായിട്ടാണ് നാം ജനലിനരികെ വിളക്ക് വെക്കുന്നത്. തടസങ്ങളും അപകടങ്ങളും ഒഴിവാക്കുവാൻ ഇപ്പോഴും ലൈറ്റ്ഹൗസ് ഉപയോഗിക്കുന്നുണ്ട്. സത്യവെളിച്ചത്തിലേക്ക് ആളുകളെ നയിക്കുന്ന വെളിച്ചമാണ് ക്രിസ്ത്യാനികൾ. നമ്മിൽ വെളിച്ചം ഇല്ലാതായാൽ, അല്ലെങ്കിൽ, നാം സത്യം മറച്ചുപിടിച്ചാൽ, അനേകം പേർ ലോകത്തിന്റെ ഇരുട്ടിൽ നഷ്ടപ്പെട്ടുപോകും. വ്യക്തികളായ ക്രിസ്ത്യാനികൾ "ലോകത്തിന്റെ വെളിച്ചമായിരിക്കുമെന്നു" യേശു പറഞ്ഞു, അതേസമയം ഇടവകകൾ ഓരോ സമൂഹത്തിലും ദീപസ്തംഭങ്ങളായിരിക്കും. വ്യക്തികളെ കുറിച്ച് മത്തായി 5:14-16-ൽ പറഞ്ഞിരിക്കുന്നത് ഇടവകകളെയും ബാധിക്കുന്നതാണ്.

**ലോകത്തിന്റെ വെളിച്ചം (5:14-16)**

നമ്മുടെ ലോകം ആത്മിയമായ അന്ധതയിലാണ്. എങ്ങനെയായാലും, വെളിച്ചം ഇരുട്ടിനെ പുറത്താക്കും. ആർക്കും വെളിച്ചത്തെ ഇരുട്ടുകൊണ്ട് കെടുത്തുവാൻ സാധ്യമല്ല. വെളിച്ചം വരുമ്പോൾ, ഇരുട്ട് ഓടി മറയും. ക്രിസ്ത്യാനികളായ നാം ആളുകൾ സത്യവെളിച്ചത്തിലേക്ക് വരുവാൻ പ്രകാശമായി മാറണം. അത് മാലയിൽ കുരിശ് തൂക്കിയിടുന്നതിനേക്കാളധികമാണ്. ക്രിസ്തു നമ്മിൽ ജീവിക്കുന്നു എന്നു മറ്റുള്ളവർ കാണത്തക്കവണ്ണമുള്ള ജീവിതമാണ് (യോഹ. 13:35; 15:8; 2 കൊരി. 8:21; ഫിലി. 2:14-16; തിത്തൊ. 2:7, 8; 1 പത്രൊ. 2:12). മാക് ആർദർ എഴുതി, "മറ്റുള്ളവർക്ക് ഇടർച്ച വരുത്തുമോ, എന്നുള്ള ഭയം നിമിത്തവും, അലക്ഷ്യം, സ്നേഹമില്ലായ്മയോ മറ്റെന്തു കാരണത്താലും, നാം നമ്മുടെ വെളിച്ചം മറച്ചുപിടിച്ചാലും, കർത്താവിനോട് നാം അവിശ്വസ്തതയാണ് കാണിക്കുന്നത്."[8]

---

കുറിപ്പുകൾ

[1]പ്ലിനി *നാച്ചുറൽ ഹിസ്റ്ററി,* 31-45. [2]സിരാഖ് 39:26 (എൻആർഎസ്വി). [3]പ്ലിനി *നാച്ചുറൽ ഹിസ്റ്ററി*, 31.45. [4]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 104. [5]റോബർട്ട് എച്ച്. മൗൺസ്, *മാത്യു*, ന്യു ഇന്റർനാഷ്ണൽ ബിബ്ലിക്കൽ കമെന്ററി (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 42. [6]മൈക്കിൾ ജെ. വിൽകിൻസ്, "മാത്യു" *ഇൻ സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗണ്ട്സ് കമെന്ററി,* വാല്യം, 1, മാത്യു, മാർക്ക്, ലൂക്ക്, എഡി. ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ 2002), 36. [7]ജെ ഡബ്ലിയു മെകാർവേ, *ദ ന്യുടെസ്റ്റമെന്റ് കമെന്ററി, വാല്യം. 1, മാത്യു ആന്റ് മാർക്ക്* (എൻ.പി., 1875; റീപ്രിന്റ്, ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., എൻ. ഡി), 51. [8]മാക്ആർദർ, 246.